## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം : **3509**

17.12.2015 -ൽ മറുപടിയ്ക്ക്

### ധനുഷ് കൃഷ്ണന്റെ ആശ്രിതർക്ക് സർക്കാർ ജോലി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ബി. ഗണേഷ് കുമാർ : | ശ്രീ. ഉമ്മൻചാണ്ടി (ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് വെസ്റ്റ് ഹിൽ ബാരക്സിൽ എൻ.സി.സി. ക്യാമ്പിൽ പരിശീലനത്തിനിടെ മരണപ്പെട്ട പത്തനാപുരം സ്വദേശി ധനുഷ് കൃഷ്ണന്റെ ആശ്രിതർക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ട് നടപടികൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; | (എ) കോഴിക്കോട് വെസ്റ്റ് ഹിൽ ബാരക്സിൽ എൻ.സി.സി. ക്യാമ്പിൽ പരിശീലനത്തിനിടെ മരണപ്പെട്ട പത്തനാപുരം സ്വദേശി ധനുഷ് കൃഷ്ണന്റെ ആശ്രിതർക്ക് ജോലി നൽകണമെന്ന് ആവശ്യപ്പെട്ട് ഇതുവരെ അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ കിട്ടുന്ന അവസരത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) സമാനമായ സാഹചര്യത്തിൽ എൻ.സി.സി. ക്യാമ്പിൽ പരിശീലനത്തിനിടെ മരണപ്പെട്ട ആരുടെയെങ്കിലും ആശ്രിതർക്ക് ജോലി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ബി) സമാനമായ സാഹചര്യത്തിൽ കൂത്ത്പറമ്പ് നിർമ്മലഗിരി കോളേജിൽ എൻ.സി.സി. ക്യാമ്പിൽ വെടിവെയ്പ്പ് പരിശീലനത്തിനിടെ മരണപ്പെട്ട അനസ് എന്ന വിദ്യാർത്ഥിയുടെ സഹോദരിക്ക് സർക്കാർ ജോലി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ